**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1264** **10-08-2023 - ൽ മറുപടിയ്ക്ക്**

**കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ സജി ചെറിയാൻ**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് കലാകാരൻമാരുടെ പട്ടികയിൽ പുരാണപാരായണം ചെയ്യുന്നവരെ ഉൾപ്പെടുത്തി 2010-ൽ ഉത്തരവിറക്കിയ ശേഷം പുരാണപാരായണം ചെയ്യുന്ന കലാകാരൻമാരുടെ എത്ര അംഗത്വ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര പേർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭിച്ചിട്ടുണ്ട് ; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ; | (എ) | **കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ നിലവിൽ 2463 പുരാണപാരായണ കലാകാരന്മാരുടെ അംഗത്വ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധം 1 - ൽ ചേർക്കുന്നു** |
| (ബി) | പുരാണപാരായണം ചെയ്യുന്ന കലാകാരൻമാരുടെ അംഗത്വ അപേക്ഷകളിൽ എത്രയെണ്ണം തീർപ്പാക്കാനുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | **വിശദവിവരങ്ങൾ അനുബന്ധം II - ൽ ചേർക്കുന്നു.** |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമ നിധി ബോർഡിൽ നിലവിൽ 2463 പുരാണപാരായണ കലാകാരന്മാരുടെ അംഗത്വ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ ആനുകൂല്യങ്ങൾ ലഭിച്ച കലാകാരന്മാരുടെ ലിസ്റ്റ് ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ജില്ല | രജിസ്റ്റർ ചെയ്ത അംഗങ്ങൾ (60 വയസ്സിൽ താഴെ) | പെൻഷൻ കൈപ്പറ്റുന്ന അംഗങ്ങൾ | ഫാമിലി പെൻഷൻ കൈപ്പറ്റുന്ന അംഗങ്ങൾ | രജിസ്റ്റർ ചെയ്ത അംഗങ്ങളുടെ ആകെ എണ്ണം |
|---|---|---|---|---|
| തിരുവനന്തപുരം | 35 | 26 | 2 | 63 |
| കൊല്ലം | 473 | 225 | 11 | 709 |
| പത്തനംതിട്ട | 42 | 2 | 0 | 44 |
| ആലപ്പുഴ | 125 | 54 | 2 | 181 |
| കോട്ടയം | 5 | 1 | 0 | 6 |
| ഇടുക്കി | 0 | 0 | 0 | 0 |
| എറണാകുളം | 5 | 27 | 0 | 32 |
| തൃശ്ശൂർ | 2 | 5 | 0 | 7 |
| പാലക്കാട് | 22 | 8 | 0 | 30 |
| മലപ്പുറം | 0 | 0 | 0 | 0 |
| കോഴിക്കോട് | 0 | 0 | 1 | 1 |
| വയനാട് | 0 | 0 | 0 | 0 |
| കണ്ണൂർ | 26 | 0 | 0 | 26 |
| കാസർഗോഡ് | 0 | 0 | 0 | 0 |
| **ആകെ** | 735 | 348 | 16 | 1099 |

## അനുബന്ധം II

പുരാണ പാരായണം ചെയ്യുന്ന കലാകാരന്മാരുടെ അംഗത്വ അപേക്ഷകളിൽ 1364 അപേക്ഷകളിൽ നടപടി സ്വീകരിക്കാനുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 42 |
| കൊല്ലം | 826 |
| പത്തനംതിട്ട | 117 |
| ആലപ്പുഴ | 220 |
| കോട്ടയം | 81 |
| ഇടുക്കി | 0 |
| എറണാകുളം | 31 |
| തൃശ്ശൂർ | 15 |
| പാലക്കാട് | 5 |
| മലപ്പുറം | 0 |
| കോഴിക്കോട് | 0 |
| വയനാട് | 0 |
| കണ്ണൂർ | 27 |
| കാസർഗോഡ് | 0 |
| **ആകെ** | 1364 |

പുരാണപാരായണ വിഭാഗക്കാർക്ക് നിലവിൽ പുതുതായി ക്ഷേമനിധിയിൽ നിന്നും അംഗത്വമോ, പെൻഷനോ അനുവദിക്കുന്നില്ല. പുരാണപാരായണ കലാസംഘടന ജനറൽ സെക്രട്ടറി 21.01.2022-ന് പുരാണപാരായവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചിരിക്കുകയാണ്. ആയതുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതിയിൽ നിന്നും തീർപ്പുണ്ടാകുന്ന മുറയ്ക്ക് മാത്രമേ ക്ഷേമനിധി അംഗത്വവും പെൻഷനും നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കാൻ സാധിക്കുയുള്ളൂ .